സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 159 2024 ഒക്ടോബർ 08 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ജമ്മു കശ്മീരിൽ 11സീറ്റിൽ സ്വതന്ത്രർ മുന്നിൽ; ചർച്ചകൾ ആരംഭിച്ച് കോൺഗ്രസ്

ശ്രീനഗർ:കാശ്മീരിൽ തിരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നു കൊണ്ടിരിക്കെ 11 ലേറെ സീറ്റുകളിൽ ലീഡ് ചെയ്ത് സ്വതന്ത്ര സ്ഥാനാർഥികൾ. ഇതിനിടയിൽ ജയസാധ്യതയുള്ള വിമതരുമായി കോൺഗ്രസ് നേതൃത്വം ചർച്ചകൾ നടത്തിയെന്നും വാർത്തകളുണ്ട്. സ്വതന്ത്രരെ സ്വാഗതം ചെയ്യുന്നതായി നാഷണൽ കോൺഫറൻസും പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. നേരത്തെ നിയമസഭയിലേക്ക് അഞ്ച് അംഗങ്ങളെ നാമനിർദേശം ചെയ്യാൻ ബി.ജെ.പി ശ്രമിക്കുന്നതായി വാർത്തകൾ സജീവമായിരുന്നു. ആരുമായും അകൽച്ചയില്ലെന്നും പൂർണ്ണ ഫലം വന്നാൽ ഉടൻ ചർച്ചകൾ തുടങ്ങുമെന്നുമായിരുന്നു ഒമർ അബ്ദുള്ളയുടെ പ്രതികരണം. ഫലം വരട്ടെയെന്ന് മെഹബൂബ മുഫ്തിയും പ്രതികരിച്ചു. നിലവിൽ രണ്ട് മണ്ഡലങ്ങളിലും ഒമർ അബ്ദുള്ള ലീഡ് ചെയ്യുകയാണ്.

ബിജെപി ഹരിയാനയിൽ ഹാട്രിക്കിലേക്ക്; ജമ്മുകശ്മീരിൽ പ്രതീക്ഷയർപ്പിച്ച് ഇന്ത്യാ സഖ്യം

ജമ്മു കശ്മീരിൽ കോൺഗ്രസ്, നാഷണൽ കോൺഫറൻസ് സഖ്യത്തിന് മുന്നേറ്റം

ഹരിയാനയിൽ സഖ്യം ഉണ്ടായിരുന്നെങ്കിൽ ഫലം മാറിയേനെയെന്ന് എ.എ.പി

ന്യൂഡൽഹി: വോട്ടെണ്ണൽ അവസാനഘട്ടത്തിലേക്ക് നീങ്ങുമ്പോൾ ഹരിയാനയിൽ ബിജെപി ഹാട്രിക്കിലേക്ക്. അമ്പത് സീറ്റിനടുത്തേക്ക് ബിജെപി ലീഡ് ഉയർത്തി. ഒരുഘട്ടത്തിൽ അമ്പത് സീറ്റിന് മുകളിൽ ലീഡ് നേടിയ കോൺഗ്രസ് ഹരിയാനയിൽ ഭരണം പിടിക്കുമെന്ന പ്രതീക്ഷ നൽകിയിരുന്നു. സാവധാനം മുന്നേറിയ ബിജെപി കോൺഗ്രസിനെ മറികടന്നു. ഒരുഘട്ടത്തിൽ നാൽപത്തൊന്നു സീറ്റുകളിൽ വീതം ലീഡു നേടി കോൺഗ്രസും ബിജെപിയും ഒപ്പത്തിനൊപ്പമായിരുന്നു. ഹരിയാനയിലെ ഗ്രാമീണമേഖലയിൽ നേട്ടമുണ്ടാക്കാനായെങ്കിലും നഗരപ്രദേശങ്ങൾ കോൺഗ്രസിനെ കൈവിട്ടു.

തിരിച്ചടിയിൽ അമ്പരന്നിരിക്കുകയാണ് എഐസിസി നേതൃത്വവും. ജയിച്ചു കയറുമെന്ന പ്രതീക്ഷയിൽ വൻ ആഘോഷമായിരുന്നു കോൺഗ്രസ് ആസ്ഥാനത്ത്. തോൽവി മണത്തതോടെ ആഘോഷവും അവസാനിപ്പിച്ചു. സ്വതന്ത്രരുടെ പിന്തുണയോടെ ഭരണം നേടുമെന്ന ആത്മവിശ്വാസം കോൺഗ്രസ് നേതാവ് ഭൂപീന്ദർ സിങ് ഹൂഡ ഈ ഘട്ടത്തിലും പ്രകടിപ്പിച്ചു. ലോക്സഭയിലേക്ക് മൽസരിക്കുന്ന ഗുസ്തിതാരം വിനേഷ് ഫോഗട്ട് പിന്നിലായതും കോൺഗ്രസിന് തിരിച്ചടിയായി. അതേസമയം, ഹരിയാനയിൽ സഖ്യം ഉണ്ടായിരുന്നെങ്കിൽ ഫലം മാറിയേനെയെന്ന് എ.എ.പി. രാവിലെ കോൺഗ്രസ് നുണയുടെ കട തുറന്ന് പടക്കം പൊട്ടിച്ചുവെന്ന് ബി.ജെ.പി. ജനറൽ സെക്രട്ടറിമാരുടെ യോഗം വിളിച്ച് ദേശീയ അധ്യക്ഷൻ ജെ.പി.നഡ്ഡ.

ജമ്മു കശ്മീരിൽ ഇന്ത്യസഖ്യം മുന്നിലെങ്കിലും കോൺഗ്രസ് ലീഡിൽ നേരിയ കുറവുണ്ട്. ബിജെപി ലീഡ് മുപ്പത് സീറ്റുകൾക്കടുത്തേക്ക് ഉയർന്നതും ഇന്ത്യാ സഖ്യത്തെ ആശങ്കയിലാക്കിയിട്ടുണ്ട്. കശ്മീർ താഴ്വരയിൽ പ്രതീക്ഷയർപ്പിച്ചിരുന്ന കോൺഗ്രസ് കിതയ്ക്കുകയാണ്. ആകെയുള്ള 90 സീറ്റുകളിൽ 45സീറ്റുകൾക്കുമേൽ ഇന്ത്യാ സഖ്യം ലീഡ് നിലനിർത്തുന്നു. ഒരുഘട്ടത്തിൽ 12സീറ്റുകളിൽ വരെ ലീഡ് നേടിയ കോൺഗ്രസ് പിന്നീട് പിന്നോട്ട് പോയി. പതിനഞ്ചോളം സ്വതന്ത്രരും ജമ്മു കശ്മീരിൽ മുന്നിലുണ്ട്.

എക്സിറ്റ് പോൾ പ്രവചനങ്ങളും കോൺഗ്രസിന് അനുകൂലമായ ആദ്യഘട്ട ഫലസൂചനകളും മറികടന്ന് അപ്രതീക്ഷിത ട്വിസ്റ്റ് നടത്തി ബിജെപി. ഇതോടെ വോട്ടെണ്ണലിന് മുന്നേ തുടങ്ങിയ കോൺഗ്രസിന്റെ ആഘോഷം നിർത്തിവെച്ചു. എക്സിറ്റ്പോൾ ഫലങ്ങളുടെ പിൻബലത്തിൽ ഇന്ന് രാവിലെ മുതൽക്ക് തന്നെ ഡൽഹിയിലെ കോൺഗ്രസ് ആസ്ഥാനത്തിന് മുമ്പിലടക്കം വലിയ ആഘോഷമായിരുന്നു കോൺഗ്രസ് നടത്തിയത്. പക്ഷെ ബി.ജെ.പി പിന്നീട് മുന്നേറ്റം നടത്തുന്ന കാഴ്ചായാണ് കാണാൻ കഴിഞ്ഞത്. രാവിലെ 10.35 നുള്ള ലീഡ് നില പുറത്ത് വരുമ്പോൾ കേവല ഭൂരിപക്ഷം കടന്ന് ബി. ജെ. പി 50 എന്ന സഖ്യയിലേക്കെത്തി. കോൺഗ്രസ് 35 സീറ്റിലും ലീഡ് ചെയ്യുന്നുണ്ട്.

പുറത്തുവന്ന 7എക്സിറ്റ് പോളുകളും 55 സീറ്റോളമായിരുന്നു ഹരിയാണയിൽ കോൺഗ്രസിന് പ്രവചിച്ചിരുന്നത്. അങ്ങനെ ബി.ജെ.പിയുടെ ഹാട്രിക് മോഹം തല്ലിക്കെടുത്താമെന്നും കണക്കുകൂട്ടിയിരുന്നു. പക്ഷെ ബി.ജെ.പി കൃത്യമായി മുന്നേറ്റം നടത്തുകയായിരുന്നു. ആദ്യ ഘട്ടത്തിൽ ഫലസൂചനകൾ കോൺഗ്രസിന് അനുകൂലമായിരുന്നുവെങ്കിലും മോദി മാജിക് ഭരണത്തുടർച്ച നൽകുമെന്ന ഉറച്ച വിശ്വാസത്തിലായിരുന്നു ബിജെപി നേതൃത്വം. അത് സാധ്യമാകുന്ന കാഴ്ചയിലേക്കാണ് കാര്യങ്ങൾ പോവുന്നത്.

വിമതശല്യം ജെ.ജെ.പിയുടെ കൊഴിഞ്ഞുപോക്ക് ജാട്ടുകളുടെ പിന്തുണയില്ലാതെയുള്ള മത്സരം കർഷക സമരം എന്നിവയെല്ലാം ബിജെപിക്ക് തിരിച്ചടിയായതോടെയായിരുന്നു കോൺഗ്രസ് വലിയ പ്രതീക്ഷയിലിരുന്നത്. ഇതോടെ അമിത പ്രതീക്ഷയിൽ എ.ഐ.സി.സി ആസ്ഥാനത്തടക്കം കോൺഗ്രസ് ആഘോഷവും തുടങ്ങി. പ്ലക്കാർഡ് ഉയർത്തിയും മുദ്രവാക്യം വിളിച്ചും ദോലടിച്ചും ആഘോഷം നടത്തിയ കോൺഗ്രസ് അത് പെട്ടെന്ന് നിർത്തുകയും ചെയ്തു.

നിയമസഭയിലെ പ്രതിഷേധം; 4 പ്രതിപക്ഷ എം.എൽ.എമാരെ താക്കീത് ചെയ്തു

തിരു : നിയമസഭയിൽ സ്പീക്കറുടെ ഡയസിൽ കയറി എം.എൽ.എമാർ പ്രതിഷേധിച്ച സംഭവത്തിൽ നാല് പ്രതിപക്ഷ എം.എൽ.എമാരെ താക്കീത് ചെയ്തു. മാത്യു കുഴൽനാടൻ, ഐ.സി ബാലകൃഷ്ണൻ, അൻവർ സാദത്ത്, സജീവ് ജോസഫ് എന്നിവരെയാണ് സ്പീക്കർ താക്കീത് ചെയ്തത്. നടപടി ആവശ്യപ്പെട്ട് മന്ത്രി എം.ബി രാജേഷ് പ്രമേയം അവതരിപ്പിച്ചതിന് പിന്നാലെയാണ് താക്കീത്.

പ്രതിപക്ഷ പ്രതിഷേധത്തിനെതിരെ പ്രമേയം അവതരിപ്പിച്ച പാർലമെൻററി കാര്യവകുപ്പ് മന്ത്രി എംബി രാജേഷ് സ്പീക്കർക്കെതിരായ പ്രതിഷേധം ചട്ടവിരുദ്ധവും മര്യാദയുടെ ലംഘനവുമാണെന്നും ആരോപിച്ചു. നാല് എംഎൽഎമാർക്കെതിരെ നടപടിയും ആവശ്യപ്പെട്ടിരുന്നു. ഇത് അംഗീകരിച്ചാണ് എം.എൽഎ മാരെ താക്കീത് ചെയ്തത്.

അതേസമയം മന്ത്രിയുടെ പ്രമേയത്തിനെതിരെ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ രംഗത്തെത്തി. ആദ്യമായി അല്ല സഭയിൽ ഇത്തരം സംഭവമുണ്ടാകുന്നതെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. ഡയസിൽ കയറി പ്രതിഷേധിച്ച എംഎൽഎമാരെ തള്ളിപ്പറയാൻ പ്രതിപക്ഷ നേതാവ് തയ്യാറാകാത്തത് ദൗർഭാഗ്യകരമാണെന്നും അടിയന്തര പ്രമേയം ചർച്ചയിൽ നിന്നും ഒളിച്ചോടാനാണ് പ്രതിഷേധം നടത്തിയതെന്നും മുഖ്യമന്ത്രി പറഞ്ഞു.അടിയന്തര പ്രമേയ ചർച്ച അംഗീകരിച്ചിട്ടും എന്തിനാണ് പ്രതിപക്ഷം പ്രതിഷേധിച്ചത് എന്ന് മുഖ്യമന്ത്രി ചോദിച്ചു.

ചീഫ് സെക്രട്ടറിയും ഡിജിപിയും രാജ്ഭവനിലേക്ക് പോകില്ല; ഗവർണർക്ക് കത്തയച്ച് മുഖ്യമന്ത്രി

തിരു: മുഖ്യമന്ത്രിയുടെ മലപ്പുറം പരാമർശത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാന് വിശദീകരണം നൽകാൻ ഡി ജി പി ഷേഖ് ദർവേഷ് സാഹിബും ചീഫ് സെക്രട്ടറി ശാരദ മുരളീധരനും രാജ്ഭവനിലേക്ക് പോകില്ല. ഉദ്യോഗസ്ഥരെ രാജ്ഭവനിലേക്ക് വിളിപ്പിക്കാൻ ഗവർണർക്ക് അധികാരമില്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട സർക്കാർ അറിയാതെ ഉദ്യോഗസ്ഥരെ വിളിപ്പിക്കുന്നത് ഏത് ചട്ടപ്രകാരമാണെന്നും ഉദ്യോഗസ്ഥർ രാജ്ഭവനിലേക്ക് പോകേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടെന്നുമാണ് കത്തിൽ പറയുന്നത്.

ഇന്ന് വൈകിട്ട് ഡി ജി പിയും ചീഫ് സെക്രട്ടറിയും രാജ്ഭവനിൽ നേരിട്ടെത്തി മുഖ്യമന്ത്രിയുടെ പരാമർശത്തിൽ വിശദീകരണം നൽകണമെന്നായിരുന്നു ഗവർണറുടെ നിർദേശം. മലപ്പുറം സ്വർണക്കടത്തും ഹവാല കേസുകളും ഇതിൽ ഉൾപ്പെട്ട ദേശവിരുദ്ധ ശക്തികൾ ആരെന്നും വിശദീകരിക്കണമെന്നും ഗവർണർ ആവശ്യപ്പെട്ടിരുന്നു. രണ്ടു വിഷയങ്ങളിലും ഗവർണർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും സർക്കാർ നൽകിയിരുന്നില്ല. ഇതേത്തുടർന്നാണ് നേരിട്ടെത്താൻ നിർദ്ദേശിച്ചിരിക്കുന്നത്.

മലപ്പുറത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്തെ പോലീസ് സേന പിടികൂടിയത് 123 കോടി രൂപയുടെ 150 കിലോ സ്വർണവും ഹവാല പണവുമാണെന്നും രാജ്യവിരുദ്ധമായ പ്രവർത്തനങ്ങൾക്ക് ഈ പണം ഉപയോഗിക്കുന്നുണ്ടെന്നുമായിരുന്നു ദ ഹിന്ദുവിൽ വന്ന മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ പറഞ്ഞിരുന്നത്. എന്നാൽ ഇക്കാര്യങ്ങളെല്ലാം മുഖ്യമന്ത്രിയുടെ ഓഫീസ് നിഷേധിച്ചിരുന്നു. പിന്നാലെ പി ആർ ഏജൻസി ആവശ്യപ്പെട്ടതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ പേരിൽ ഇത്തരമൊരു പരാമർശം എഴുതിയതെന്ന് അഭിമുഖം പ്രസിദ്ധീകരിച്ച പത്രം വ്യക്തമാക്കിയിരുന്നു.

സഭയിൽ പ്രതിപക്ഷനിരയിൽ ഇരിക്കില്ല; സ്വതന്ത്ര ബ്ലോക്കില്ലെങ്കിൽ തറയിലിരിക്കും: അൻവർ

നിയമസഭയിൽ പ്രതിപക്ഷ നിരയിൽ ഇരിക്കില്ലെന്ന് പി.വി. അൻവർ 'ഇപ്പോൾ അനുവദിച്ച സീറ്റിൽ ഇരിക്കില്ല; സ്വതന്ത്ര ബ്ലോക്ക് വേണം' 'പ്രതിപക്ഷത്തിനരികിൽനിന്ന് ഇരിപ്പിടം മാറ്റിനൽകിയില്ലെങ്കിൽ തറയിലിരിക്കും'സ്പീക്കർ ഇന്നും തീരുമാനമെടുത്തില്ലെങ്കിൽ നാളെ സഭയിൽ പങ്കെടുക്കുമെന്നും അൻവർ പറഞ്ഞു.

അതേസമയം, എംആർ അജിത്കുമാറിനെ ഒളിഞ്ഞും തെളിഞ്ഞും വെള്ള പൂശാൻ ശ്രമിച്ചത് മുഖ്യമന്ത്രിയാണന്ന് പി.വി. അൻവർ. അജിത്കുമാറിനെ സസ്പെൻഡ് ചെയ്യണമെന്ന ഡിജിപിയുടെ ശുപാർശ നിർബന്ധപൂർവം തിരുത്തിച്ചുവെന്നും അൻവർ പറഞ്ഞു. കെ.ടി. ജലീൽ സിപിഎമ്മിന്റെ വെട്ടിൽ വീണെന്നും രാജ്യസഭ പോലെ എന്തോ വാഗ്ദാനം ലഭിച്ചതായി സംശയിക്കുന്നുവെന്നും പി.വി. അൻവർ ആരോപിച്ചു.

എംആർ അജിത് കുമാറിനെ സസ്പെൻഡ് ചെയ്യണമെന്ന ഡിജിപിയുടെ നിർദേശം മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ട് തിരുത്തിച്ചുവെന്നാണ് ആരോപണം. പാലക്കാട് സിപിഎം വോട്ടുകൾ ബിജെപിക്ക് നൽകാനും പകരം ചേലക്കരയിൽ ബിജെപി വോട്ടുകൾ സിപിഎമ്മിന് നൽകാനും ധാരണയായിട്ടുണ്ട്. വോട്ടു കച്ചവടത്തിന് ഇടനിലക്കാരനായത് എംഡിജിപി എംആർ അജിത്കുമാറാണെന്നും പി.വി. അൻവർ ആരോപിച്ചു.

ജുലാനയിൽ വീണ്ടും ട്വിസ്റ്റ്; 4130 വോട്ടിന് മുന്നിലെത്തി വിനേഷ് ഫോഗട്ട്

ചണ്ഡീഗഡ്: ഹരിയാനയിലെ ജുലാന മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർഥി വിനേഷ് ഫോഗട്ട് വീണ്ടും മുന്നിൽ. തുടക്കത്തിൽ മുന്നിലായിരുന്ന വിനേഷ് പിന്നീട് പിന്നിലായി. കടുത്ത മത്സരത്തിന് പിന്നാലെ ഇപ്പോൾ 4130 വോട്ടിനാണ് വിനേഷ് ലീഡ് ചെയ്യുന്നത്. ബി.ജെ.പി സ്ഥാനാർഥിയായ യോഗേഷ് കുമാറാണ് ഇപ്പോൾ രണ്ടാം സ്ഥാനത്ത്. എഎപിയുടെ കവിത റാണി നാലാം സ്ഥാനത്താണ്.

ഗുസ്തി താരമായ വിനേഷ് ഫോഗട്ട് പാരീസ് ഒളിമ്പിക്സിൽ ഫൈനലിലെത്തിയിരുന്നു. ഫൈനലിൽ ഭാരക്കൂടുതലിനെ തുടർന്ന് അയോഗ്യയാക്കപ്പെട്ട വിനേഷ് പിന്നീട് ഗുസ്തിയിൽ നിന്ന് വിരമിച്ച് കോൺഗ്രസിൽ ചേരുകയായിരുന്നു. വിനേഷിന്റെ സ്ഥാനാർഥിത്വത്തെ തുടർന്ന് രാജ്യം ഉറ്റുനോക്കുന്ന മണ്ഡലമാണ് ജുലാന.

ആർഎസ്എസ് – എഡിജിപി ബന്ധം; അടിയന്തര പ്രമേയ ചർച്ചക്ക് അനുമതി

തിരു: നിയമസഭ ചേർന്ന രണ്ടാം ദിനത്തിൽ ആർഎസ്എസ് – എഡിജിപി ബന്ധം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം നൽകിയ അടിയന്തര പ്രമേയത്തിന് അനുമതി നൽകി. 12മണി മുതൽ രണ്ട് മണിക്കൂർ ചർച്ചയ്ക്കാണ് അനുമതി നൽകിയിരിക്കുന്നത്. ഇന്നലത്തെ സാഹചര്യം ആവർത്തിക്കരുതെന്നും മുഖ്യമന്ത്രി പ്രതിപക്ഷത്തോട് പറഞ്ഞു.

സ്പീക്കറെ അധിക്ഷേപിക്കുന്ന പ്രതിപക്ഷ നടപടി അംഗീകരിക്കാനാകില്ലെന്ന് മുഖ്യമന്ത്രിയും പറഞ്ഞു. എന്നാൽ പ്രതിഷേധക്കാരെ ചർച്ചക്ക് പോലും വിളിക്കാതെ ഏകപക്ഷീയമായി സഭ നിർത്തിവയ്ക്കുന്ന സ്പീക്കറുടെ നടപടിയെ പ്രതിപക്ഷ നേതാവും വിമർശിച്ചു. ഇന്നലെ അടിയന്തര പ്രമേയ ചർച്ച തീരുമാനിച്ചെങ്കിലും പ്രതിഷേധം കാരണം അതിന് മുമ്പേ സഭ പിരിഞ്ഞിരുന്നു.

കേരളവും വളരെ ശ്രദ്ധിക്കണം; അമിത് ഷായുടെ മുന്നറിയിപ്പ്

ന്യൂഡൽഹി : നക്സൽ വേട്ട അന്തിമഘട്ടത്തിലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. രാജ്യത്തുനിന്ന് 2026 മാർച്ചോടെ ഈ ഭീഷണി തുടച്ചുനീക്കാനും ആഹ്വാനം ചെയ്തു. നക്സൽ ബാധിത സംസ്ഥാനങ്ങളായ ആന്ധ്രാ പ്രദേശ്, ബീഹാർ, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, തെലങ്കാന, ഒഡിഷ, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് മുഖ്യമന്ത്രിമാരോടാണ് ആഹ്വാനം. ഇന്നലെ ഡൽഹി വിഗ്യാൻ ഭവനിൽ നടന്ന ഉന്നതതല യോഗത്തിലാണിത്. 8 സംസ്ഥാനങ്ങളിലെയും സാഹചര്യം വിലയിരുത്തി.

വിവിധ കേന്ദ്രസേനകളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെ പങ്കെടുത്തു.

കേരളത്തിലെ സാഹചര്യവും ഉന്നതതല യോഗത്തിൽ ചർച്ചയായി നക്സൽ ബാധിതമെന്ന് കണ്ടെത്തിയ മേഖലകളിൽ തെരച്ചിലും നിരീക്ഷണവും തുടരണം. ഇത്തരം മേഖലകളിലെ വികസന പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കാനും സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു.

കേരളത്തിനെ പ്രതിനിധീകരിച്ച് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ഡി.ജി.പി ഷേഖ് ദർവേഷ് സാഹിബ് എന്നിവരാണ് പങ്കെടുത്തത്.

ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം, സമ്മർദ്ദ തന്ത്രമെന്ന് കോൺഗ്രസ്; തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി

ന്യൂഡൽഹി: ഹരിയാന തിരഞ്ഞെടുപ്പിന്റെ ലീഡുകളും ഫലങ്ങളും പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം സംബന്ധിച്ച് കോൺഗ്രസ് തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഔദ്യോഗികമായി പരാതി നൽകി. രാവിലെ 9 നും 11 നും ഇടയിൽ ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടായി എന്നാണ് കോൺഗ്രസ് നൽകിയ പരാതിയിൽ ചൂണ്ടിക്കാണിക്കുന്നത്. 11 റൗണ്ട് വോട്ടെണ്ണൽ കഴിഞ്ഞിട്ടും 4, 5 റൗണ്ട് വരെയുള്ള ഫലങ്ങളാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതെന്ന് ജയറാം രമേശ് വ്യക്തമാക്കി. ലോക്സഭ തിരഞ്ഞെടുപ്പിലും ഇങ്ങനെ സംഭവിച്ചെന്നും സമ്മർദ്ദ തന്ത്രമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സത്യവും കൃത്യവുമായ കണക്കുകൾ ഉപയോഗിച്ച് വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യുന്നതിന് നിങ്ങളുടെ ഉദ്യോഗസ്ഥർക്ക് ഉടൻ നിർദ്ദേശങ്ങൾ നൽകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു, അതുവഴി തെറ്റായ വാർത്തകളും വിവരണങ്ങളും നേരിടാൻ കഴിയും'– തിരഞ്ഞെടുപ്പ് കമ്മിഷന് നൽകിയ പരാതിയിൽ പറയുന്നു. വോട്ടെണ്ണലിന്റെ തുടക്കത്തിൽ തപാൽ വോട്ടുകൾ എണ്ണിക്കഴിഞ്ഞപ്പോൾ ഹരിയാനയിൽ കോൺഗ്രസ് ലീഡ് നേടിയിരുന്നു. മണിക്കൂറുകൾ പിന്നിട്ടപ്പോൾ ബിജെപിക്ക് ആവേശകരമായ തിരിച്ചുവരവ് നടത്താനായി.

കോൺഗ്രസ് ആസ്ഥാനത്ത് ആഘോഷങ്ങൾക്കും തുടക്കം കുറിച്ചതിന് പിന്നാലെയാണ് ലീഡ് നില താഴേക്ക് പോയത്. ഏറ്റവും ഒടുവിലത്തെ കണക്കുകൾ പുറത്തുവരമ്പോൾ ബിജെപി കേവലഭൂരിപക്ഷവും കടന്ന് 51 സീറ്റിലും കോൺഗ്രസ് 34 സീറ്റിലുമുള്ള അവസ്ഥയിലാണ്. സംസ്ഥാനത്ത് നിർണായകമാകുമെന്ന് കരുതിയ ജജെപി ഇപ്പോഴും പൂജ്യത്തിൽ തുടരുകയാണ്. മറ്റുള്ളവർ 5 സീറ്റിലും ലീഡ് ചെയ്യുന്നു.

പത്ത് വർഷത്തെ ബിജെപി സർക്കാരിനെ താഴെയിറക്കുമെന്ന് എക്സിറ്റ് പോൾ ഫലങ്ങളെല്ലാം ചൂണ്ടിക്കാണിച്ചെങ്കിലും, അതൊക്കെ താളംതെറ്റിക്കുന്ന ജനവിധിയാണ് ഇപ്പോൾ ഹരിയാനയിൽ നിന്ന് പുറത്തുവരുന്നത്. സീറ്റ് നില താഴ്ന്നതോടെ എഐസിസി ആസ്ഥാനത്തുള്ള നേതാക്കളും അമ്പരന്നു. സംസ്ഥാനത്തുണ്ടായിരുന്ന ഭരണവിരുദ്ധ വികാരം കൃത്യമായി മുതലെടുക്കാൻ കോൺഗ്രസിന് സാധിച്ചില്ലെന്ന് ചൂണ്ടിക്കാട്ടുന്നതാണ് ഇപ്പോൾ പുറത്തുവരുന്ന ഫലങ്ങൾ.

ഇറാനിലുണ്ടായത് ഭൂകമ്പമല്ല! പിന്നിൽ വമ്പൻ രാജ്യങ്ങളെപ്പോലും തകർക്കാൻ ശേഷിയുള്ള ആണവായുധ പരീശീലനം?

ടെഹറാൻ: ഭൂകമ്പ സാദ്ധ്യത ഏറെയുള്ള രാജ്യമാണ് ഇറാൻ. എന്നാൽ, ഒക്ടോബർ 5ന് ഇറാനിലുണ്ടായ ഭൂചലനത്തെ ലോകം മുഴുവൻ ഇപ്പോൾ സംശയത്തോടെയാണ് വീക്ഷിക്കുകയാണ്. അസ്വാഭാവികമായ ഈ ഭൂചലനത്തിന് കാരണം ഇറാന്റെ ആണവ പരീക്ഷണമാണോ എന്ന സംശയമാണ് ഉയരുന്നത്. ഭൂകമ്പം നടന്ന സമയം, സ്ഥലം എന്നിവയാണ് ഇറാൻ സ്വന്തമായി ആണവായുധ നിർമാണം ആരംഭിച്ചോ എന്ന ചോദ്യം ഉയരാൻ കാരണം. എന്നാൽ, ഇത്തരം പരീക്ഷണങ്ങൾ നടന്നാൽ പോലും ഒരു രാജ്യം ആഴ്ചകൾക്കുള്ളിൽ ആണവായുധം നിർമ്മിക്കും എന്ന് പറയാനും സാധിക്കില്ല.

ഒക്ടോബർ 5ന് രാവിലെ 10.45നാണ് സെംനാൻ പ്രവിശ്യയിലെ അരാദാൻ കൗണ്ടിയിൽ റിക്ടർ സ്കെയിലിൽ 4.4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്. മെഹർ വാർത്താ ഏജൻസിയാണ് ഇക്കാര്യം പുറത്തുവിട്ടത്. 12 കിലോമീറ്റർ താഴ്ചയിലാണ് ഭൂചലനം ഉണ്ടായതെന്ന് ടെഹ്റാൻ സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജിയോഫിസിക്സിനെ ഉദ്ധരിച്ച് റിപ്പോർട്ടിൽ പറയുന്നുണ്ട്.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 2321/2022

Chalemap Mumu
-Petitioner
Abdul Muneer, S/o. Muhammedkutty, Thayyil House, Thalakkaduthur, Cheriayamundam, Malappuram
-Respondent No. 2

മേൽ നമ്പർ കേസ് 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് **26-05-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 08-10-2024
ഹരജിഭാഗം അഡ്വക്കെറ്റ്
പി കെ ജോൺ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 1044/2022

Girisan N.D @ Gireesan, Mullassery, Thrissur-680509
-Petitioner
Aneesh, S/o. Krishnan, Ther House, Venkidangu, Thrissur-680510
-2nd Respondent

മേൽ നമ്പ്രിൽ കേസിൽ 2-ാംഎതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാനും പത്രത്തിൽ പരസ്യപ്പെടുത്തുവാനും കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **13-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ച വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 08-10-2024
ഹരജിഭാഗം അഡ്വക്കെറ്റ്സ്
പി എസ് ഷോണിത്ത് & പി. ഡി ജോസ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 1003/2022

Radha P. Etc., Thavanoor
-Petitioners
Thahir V.P., Chana Road, Ponnani P.O., Malappuram-679573
-2nd Respondent

മേൽ നമ്പ്രിൽ കേസിൽ 2-ാംഎതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാനും പത്രത്തിൽ പരസ്യപ്പെടുത്തുവാനും കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **14-10-2024** തിയ്യതിക്ക് വിചാരണക്ക് വെച്ച വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 08-10-2024
ഹരജിഭാഗം അഡ്വക്കെറ്റ്സ്
പി എസ് ഷോണിത്ത് & പി. ഡി ജോസ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 555/2020

Sujesh O.S.
-Petitioner
1) Ali @ Haydru, S/o. Moideenkutty, Vellathinkal House, P.O. Kothachira, Agali, Palakkad
2) Rasheed, S/o. Kadeeja, Varamangalath House, Peringodu P.O., Palakkad
-Respondents No. 1& 2

മേൽ നമ്പർ കേസ് 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് **03-04-2025** തിയ്യതി യിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 08-10-2024
ഹരജിഭാഗം അഡ്വക്കെറ്റ്
പി കെ ജോൺ (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വീണ്ടും 'രക്തരക്ഷസ്സ്' പുത്തൻ സാങ്കേതികവിദ്യയുമായി പുതു വേദിയിലേക്ക് ഏരീസ് കലാനിലയം

ഒരുകാലത്ത് ഉത്സവപ്പറമ്പുകളെ കോരിത്തരിപ്പിച്ച കലാനിലയത്തിന്റെ 'രക്തരക്ഷസ്സ്' വീണ്ടും അരങ്ങിലേയ്ക്കെത്തുന്നു. കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളം ശിവ പാർവതി ക്ഷേത്ര മൈതാനിയിൽ ഒക്ടോബർ 13 നാണ് ഉദ്ഘാടന പ്രദർശനം.

സിനിമയെ വെല്ലുന്ന സാങ്കേതിക വിദ്യകളുമായാണ് ഇത്തവണ ഈ നാടകത്തിന്റെ വരവ്. സർ സോഹൻ റോയിയുടെ ഉടമസ്ഥതയിലുള്ള യുഎഇ ആസ്ഥാനമായ ഏരീസ് ഗ്രൂപ്പ്കലാനിലയത്തെ ഏറ്റെടുത്തതിനു ശേഷമുള്ള ആദ്യ പ്രദർശനം കൂടിയാണ് ഇത്. സമകാലിക പ്രേക്ഷക മനസ്സുകളെ

പൂർണ്ണമായും തൃപ്തിപ്പെടുത്തുന്ന അവതരണ ശൈലിയിലാണ് 'രക്തരക്ഷസ് ചാപ്റ്റർ വൺ' എന്ന പേരിൽ പഴയ നാടകം പുനർജ്ജനിക്കുന്നത്.

ഈ വേദിയുടെ അണിയറ ഒരുക്കങ്ങളുടെ അവസാനഘട്ട പണികൾ ഇപ്പോൾ പുരോഗമിക്കുകയാണ്. പ്രശസ്ത പാൻ ഇന്ത്യൻ സിനിമാതാരം വിയാൻ മംഗലശ്ശേരിയടക്കം നിരവധി തെന്നിന്ത്യൻ താരങ്ങളും ഈ നാടകത്തിൽ അഭിനയിക്കുന്നുണ്ട്.

കേരളത്തിലെ പ്രധാന നാടക വേദിയായ കലാനിലയം സ്ഥിരം നാടക വേദിയെ മാസങ്ങൾക്ക് മുൻപാണ് ഏരീസ് ഗ്രൂപ്പ് ഏറ്റെടുത്തത് . ഏരീസ് ഗ്രൂപ്പിന്റെ കൊച്ചി ബ്രാഞ്ച് ഓഫീസിൽ വച്ച് കലാനിലയം കൃഷ്ണൻ നായരുടെ മകൻ അനന്തപത്മനാഭനും ഏരീസ് ഗ്രൂപ്പ് സ്ഥാപക ചെയർമാൻ സർ സോഹൻ റോയിയും ചേർന്നാണ് കരാർ യാഥാർത്ഥ്യമാക്കിയത് . കലാനിലയത്തിന്റെ പുതിയ പേര് 'ഏരീസ് കലാനിലയം ആർട്സ് & തിയറ്റർ പ്രൈവറ്റ് ലിമിറ്റഡ് ' എന്ന് നിശ്ചയിക്കുകയും ചെയ്തിരുന്നു. ഏരീസും - കലാനിലയവും സംയുക്തമായി ചേർന്നായിരിക്കും ഇനിയുള്ള പ്രവർത്തനങ്ങൾ.

സോഹൻ റോയിക്ക് കലാമേഖലയോടുള്ള പ്രത്യേക താല്പര്യമാണ് ഏരീസ് കലാനിലയത്തിലേക്ക് എത്തിയത്. ഡോൾബി അറ്റ്മോസ് ശബ്ദ മികവോടുകൂടിയായിരിക്കും ഇനി ഏരീസ് കലാനിലയത്തിന്റെ പ്രദർശനം. പുത്തൻ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ആഗോളതലത്തിൽ പ്രദർശനം നടത്തുക എന്നതും ഏരീസ് കലാനിലയത്തിന്റെ ലക്ഷ്യമാണ്.

വർഷങ്ങൾക്കു മുമ്പ് തന്നെ ആധുനിക ദൃശ്യ ശ്രവ്യ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള അവതരണ രീതി കൊണ്ട് മലയാളക്കരയാകെ ശ്രദ്ധ നേടിയിട്ടുണ്ട് കലാനിലയം. അവതരണത്തിലെ വ്യത്യസ്തത കൊണ്ട് തന്നെയാണ് കലാനിലയം ശ്രദ്ധ നേടിയത്. രക്തരക്ഷസ്, കായംകുളം കൊച്ചുണ്ണി, കടമറ്റത്ത് കത്തനാർ,



ഗുരുവായൂരപ്പൻ, അലാവുദീനും അത്ഭുതവിളക്കും, നാരദൻ കേരളത്തിൽ, യേശുക്രിസ്തു തുടങ്ങിയ നാടകങ്ങളിലൂടെ പ്രേക്ഷകരിൽ വിസ്മയം സൃഷ്ടിച്ച കലാനിലയം ഏരീസ് ഗ്രൂപ്പിന്റെ ഭാഗമായതിൽ ഏറെ അഭിമാനം ഉണ്ടെന്ന് സർ സോഹൻ റോയ് പറഞ്ഞു. കാണികളെ ഭയപ്പെടുത്തുകയും വിസ്മയപ്പെടുത്തുകയും മറ്റും ചെയ്യുന്ന തരത്തിൽ പ്രത്യേകമായ രീതിയിലുള്ള നാടക അവതരണത്തിലൂടെയാണ് ഈ നാടകസംഘം ശ്രദ്ധേയമായത് എന്നും, 'നാടകം സിനിമ പോലെ നാടകം' ഇളക്കി ജന മനസ്സുകൾ കീഴടക്കിയ കലാനിലയം ഇനി പുത്തൻ ആശയത്തോടെ വീണ്ടും നാടക പ്രേമികളിലേക്ക് എത്തുകയാണ് എന്നും അദ്ദേഹം പറഞ്ഞു.

1963ൽ ശ്രീ കലാനിലയം കൃഷ്ണൻ നായർ നിലവിലെ നാടക സങ്കല്പത്തിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ട് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് സ്ഥിരം വേദിയെന്ന ആശയവുമായി രംഗത്ത് എത്തി. 150ലധികം കലാകാരന്മാർ കലാനിലയത്തിന്റെ ഭാഗമായിരുന്നു അന്ന്. സിനിമാതാരം ജഗതി ശ്രീകുമാറിന്റെ പിതാവ് ജഗതി എൻ. കെ ആചാരി കലാനിലയത്തിന്റെ നാടകങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.കേരളത്തിന് പുറത്ത് മൊഴിമാറ്റി മറ്റ് സംസ്ഥാനത്തും നാടകാവതരണം നടത്തിയിട്ടുണ്ട്. സ്കൂൾതലം മുതൽ തന്നെ കുട്ടികളിൽ നാടകത്തെക്കുറിച്ചുള്ള പഠനം ലഭ്യമാക്കുക എന്ന ലക്ഷ്യവും ഏരീസ് കലാനിലയത്തിന് ഉണ്ട് .

ഓരോ വിദ്യാലയങ്ങളിലും ഇതിനായി പ്രത്യേക ഡ്രാമ ക്ലബ്ബുകൾ രൂപീകരിക്കും. ഇതുവഴി കുട്ടികളുടെ അഭിരുചി വളർത്താൻ ആകും എന്നുള്ള പ്രതീക്ഷയിലാണ് ഏരീസ്.

ഇന്ന് സാമുദ്രിക വിപണിയിൽ, ലോകത്തിലെ ഏറ്റവും വലിയ യുടി ഗേജിംഗ് ഡിവിഷൻ ഉൾപ്പെടെ അഞ്ചു വിഭാഗങ്ങളിൽ ലോകത്തിലെ ഒന്നാം നമ്പർ സ്ഥാനവും, പത്ത് വിഭാഗങ്ങളിൽ ഗൾഫ് മേഖലയിലെ ഒന്നാം നമ്പർ സ്ഥാനവും ഏരീസ് ഗ്രൂപ്പിനാണ്.

സിനിമ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നുകൊണ്ടിരിക്കുന്ന ഏരീസിന് കലാനിലയത്തിലൂടെ കൂടുതൽ ശ്രദ്ധ നേടും എന്നതും ഉറപ്പാണ്.

ഭാരതത്തിലെ സിനിമാ മേഖലയെ ഒരു കുടക്കീഴിൽ ഒന്നിപ്പിച്ച് ഹോളിവുഡ് മാതൃകയിൽ 'ഇൻഡിവുഡ്' എന്ന ബ്രാൻഡിന് കീഴിൽ അണിനിരത്തുക എന്നതും സോഹൻ റോയിയുടെ സ്വപ്നമാണ്. ഇതിനായി പത്ത് ബില്ല്യൺ അമേരിക്കൻ ഡോളർ നിക്ഷേപ മൂല്യമുള്ള 'പ്രൊജക്റ്റ് ഇൻഡിവുഡ്' എന്ന ഒരു പദ്ധതിക്കും അദ്ദേഹം തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി, ഇന്ത്യയിലെ ഏറ്റവും വലിയ ത്രീഡി മോഷൻ & അനിമേഷൻ സ്റ്റുഡിയോ ആയ ഏരീസ് എപ്പിക്ക, ഇന്ത്യയിലെ ഏറ്റവും വലിയ ശബ്ദമിശ്രണ സ്റ്റുഡിയോകളിൽ ഒന്നായ ഏരീസ് വിസ്മയാസ് മാക്സ്, തിരുവനന്തപുരത്തെ അത്യന്താധുനിക സംവിധാനങ്ങളോട് കൂടിയ ഏരീസ് പ്ലെക്സ് എന്ന മൾട്ടിപ്ലക്സ് തീയറ്റർ, പ്രിവ്യൂ തീയേറ്ററുകൾ മുതലായവയും അദ്ദേഹം ആരംഭിച്ചു. ദൃശ്യ മേഖലയിലെ സാന്നിധ്യമായി മാറിയ മറൈൻ ബിസ് ടിവി, മെഡിബിസ് റ്റി വി, ഇൻഡി വുഡ് റ്റി വി എന്നീ ടെലിവിഷൻ ചാനലുകളും ഇന്ന് അദ്ദേഹത്തിന്റെ സ്ഥാപനങ്ങളുടെ ഭാഗമാണ്.

അമേരിക്കയിൽ നിന്നുള്ള വിദഗ്ധ സംഘം അമല ആയുർവേദാശുപത്രി സന്ദർശിച്ചു

അമലനഗർ: അമേരിക്കയിലെ നിന്നും ഫാ. ജോസ് പരത്തനാളിന്റെ നേതൃത്വത്തിൽ കാലിഫോർണിയ, റോഡ് ഐലൻഡ്, ലാസ് വെഗാസ് എന്നീ സ്റ്റേറ്റുകളിൽ നിന്നുള്ള വിദഗ്ധ സംഘം അമല ആയുർവേദാശുപത്രി സന്ദർശിച്ചു. അമല ജോയിന്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരക്കൽ സി എം ഐ യും ആശുപത്രി അധികൃതരും ചേർന്ന് സംഘത്തെ സ്വീകരിച്ചു.

ആയുർവേദത്തെ കുറിച്ചു വിശദവിവരങ്ങൾ ശേഖരിക്കലും, ആയുർവേദത്തിന്റെ പ്രായോഗിക രീതികൾ മനസ്സിലാക്കലുമായിരുന്നു സന്ദർശനോദ്ദേശം. വിവരശേഖരണത്തിന്റെ ഭാഗമായി ജി എം പി അംഗീകൃത മരുന്ന് നിർമാണശാലയിലും ഔഷധസസ്യ തോട്ടത്തിലും,പഞ്ചകർമ ചികിത്സ വിഭാഗത്തിലും സന്ദർശനം നടത്തി

ജില്ലാ ആയുർവ്വേദ ആശുപത്രി ഒഴിവുകൾ

തൃശ്ശൂർ: രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രിയിൽ എച്ച്.എം.സി മുഖേന താൽക്കാലിക ഒഴിവിലേക്കുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

എക്സറേ ടെക്നീഷ്യൻ, തെറാപ്പിസ്റ്റ് (മെയിൽ & ഫീമെയിൽ) ഫിസിയോ തെറാപ്പിസ്റ്റ്, നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ്/ ഫ്രണ്ട് ഓഫീസ് സ്റ്റാഫ്, ക്ലീനിംഗ് സ്റ്റാഫ്, സെക്യൂരിറ്റി സ്റ്റാഫ് തുടങ്ങിയ തസ്തികകളിലേക്കാണ് ഒഴിവുകൾ. ഒക്ടോബർ 14 ന് മുമ്പ് അപേക്ഷ നൽകണം.

16, 17 തീയതികളിലായിരിക്കും അഭിമുഖം. കൂടുതൽ വിവരങ്ങൾ ആശുപത്രി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിലെ നവരാത്രി നൃത്തസംഗീതോത്സവം 2004ൽ ഹരികൃഷ്ണൻ മൂഴിക്കുളം അവതരിപ്പിച്ച സംഗീതക്കച്ചേരി. വയലിൻ : ഡോ. സായി പ്രസാദ്, മൃദംഗം : യദുകുൽ മുരളീധരൻ, ഗഞ്ചിറ : സുജേഷ് ചിറക്കൽ

മുണ്ടകൻ കൃഷിയറിയാൻ ദേവമാതവിദ്യാർത്ഥികൾ

തൃശൂർ: കിഴക്കോട്ട് തിരിഞ്ഞ് നിന്ന്വിത്തെറിയാൻ പരിശീലിച്ച് ദേവമാതയിലെഏഴാം ക്ലാസ്വിദ്യാർത്ഥികൾ. പാഠപുസ്തകത്തിലെകൃഷിരീതി പഠനവുമായി ബന്ധപ്പെട്ടാണ് തൃശ്ശൂർ ദേവമാത സിഎം.ഐ പബ്ലിക് സ്കൂളിലെ അമ്പതോളം വിദ്യാർത്ഥികൾ പുഴക്കൽ പാടത്തെ പറഞ്ചിറയിൽഅഞ്ച് ഏക്കറോളംവരുന്ന പാടത്ത്വിത്ത്എറിയൽ, ഞാറ് നടീൽഎന്നിവ പരിശീലിക്കാൻ എത്തിയത്.

കൃഷി ഉടമയുംകർഷകനുമായ ബേബിജോൺ, മുണ്ടകൻ കൃഷിയുടെബാലപാഠങ്ങൾ പകർന്നു നൽകി. കിഴക്കോട്ട്തിരിഞ്ഞുനിന്ന് പാടത്തിലേക്ക് വിദ്യാർത്ഥികൾവിത്ത്വിതച്ചാണ് കൃഷിരീതികൾ പഠിച്ചത്. കൃഷി ചെയ്യുമ്പോൾ അറിയേണ്ട ശാസ്ത്രീയ വശങ്ങൾവിദ്യാത്ഥികൾ പരിശീലിച്ചു. മണ്ണിലിറങ്ങി വിത്തിട്ടത് വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി. കോർഡിനേറ്റർകെ.ടി. ഷോയ്അധ്യാപിക ആതിരഎം.എസ്എന്നിവരും പങ്കെടുത്തു. അന്യംനിന്നു പോകുന്ന നെൽകൃഷിതിരിച്ചു കൊണ്ടുവരാൻ വിദ്യാർത്ഥികൾക്ക് കർഷകൻ അവബോധം നൽകിയാണ് തിരികെ പോന്നത്.

ടോംയാസ് പരസ്യഏജൻസി ഉടമ തോമസ് പാവറട്ടിയുടെയും അനിത പനക്കലിന്റെയും മകൾ അഞ്ജലിയും ചാവക്കാട് ഒരുമനയൂർ കുറുമ്പൂർ വീട്ടിൽ സുശീലന്റെയും (മാനേജിംഗ് ഡയറക്ടർ, സമുദ്രതീരം ബാർ & ഹോട്ടൽ, ചാവക്കാട്) ഷിനി വട്ടംപറമ്പിലിന്റെയും മകൻ അക്ഷയ് സുശീലനും വിവാഹിതരായി. ചടങ്ങിൽ റവന്യൂ മന്ത്രി കെ. രാജൻ സന്നിഹിതനായിരുന്നു.

മാനസികാരോഗ്യ മേഖലയിലെ സംരംഭ സാധ്യതകൾ

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് (ഓട്ടോണമസ്) കോളേജിലെ മന:ശാസ്ത്ര വിഭാഗം ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗ്യമായി 'മാനസികാരോഗ്യ മേഖയിലെ സംരംഭ സാധ്യതകൾ ' എന്ന വിഷയത്തെ ആസ്പതമാക്കി നടത്തിയ ബോധവൽക്കരണ ക്ലാസ്സിൽ ഡോ .സിസ്റ്റർ റോസ് ബാസ്റ്റിൻ (സെൻഫ് ഫിനാൻസിങ് കോർഡിനേറ്റർ സെന്റ് ജോസഫ്സ് കോളേജ് ഇരിങ്ങാലക്കുട) അധ്യക്ഷത വഹിച്ചു. സൈക്കോലാബ് സ്ഥാപകനും സിഇഒയുമായ ഖൈഷ്നവ് പി.ജി യാണ് ബോധവൽക്കരണ ക്ലാസ്സ് നയിച്ചത്.

എഡിജിപിക്കെതിരായ നടപടി സ്വാഗതാർഹം: നാഷണൽ ലീഗ്

തൃശൂർ : ക്രമസമാധാന ചുമതലയുള്ള സംസ്ഥാന എഡിജിപി അജിത്കുമാറിനെ ചുമതലയിൽ നിന്ന് നീക്കാനുള്ള സർക്കാർ നടപടി സ്വാഗതാർഹമാണെന്ന് നാഷണൽ ലീഗ് തൃശൂർ ജില്ല കമ്മിറ്റി. സർക്കാരിൽ വിശ്വാസമർപ്പിച്ച മതന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ള മതേതര സമൂഹത്തിന്റെ ആശങ്കയകറ്റുന്ന തീരുമാനമാണിത്. തൃശൂർ പൂരം, ആർഎസ്എസുമായുള്ള അന്തർ ധാര ഉൾപ്പെടെയുള്ള ആരോപണങ്ങളിൽ തുടരന്വേഷണം നടത്തി സത്യം പുറത്തു കൊണ്ടുവരണമെന്നും നേതാക്കൾ പറഞ്ഞു. എഡിജിപിക്കെതിരെ ആരോപണങ്ങൾ ഉയർന്നതിനെ തുടർന്ന് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും, തൃശൂർ പൂരം വിവാദത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കണമെന്നും നാഷണൽ ലീഗ് നേരത്തെ ആവശ്യപ്പെട്ടിരുന്നു.

മൊബൈൽ ഫോൺ അധികസമയവും സർവ്വീസ് സെന്ററിൽത്തന്നെ; വില 7700 രൂപയും നഷ്ടം 20000 രൂപയും നൽകുവാൻ വിധി

തൃശൂർ: മൊബൈൽ ഫോണിന് തകരാറാരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂലവിധി. തൃശൂർ അവണൂർ സ്വദേശി കുന്നപ്പിള്ളി വീട്ടിൽ സൈജൻ കെ.ടി. ഫയൽ ചെയ്ത ഹർജിയിലാണ് ബാംഗ്ളൂരുള്ള ലെനോവ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കെതിരെ ഇപ്രകാരം വിധിയായത്.

സൈജൻ 7700 രൂപ നൽകിയാണ് മൊബൈൽ ഫോൺ വാങ്ങുകയുണ്ടായത് വാങ്ങി ഉപയോഗിച്ചുവരവെ ഫോണിന് വ്യത്യസ്ത തകരാറുകൾ കാട്ടുകയും എതിർകക്ഷിയുടെ സർവ്വീസ് സെന്ററിൽ നല്കേണ്ടിവന്നു. ഫോൺ ഒട്ടുമിക്ക സമയവും കമ്പനിയുടെ സർവ്വീസ് സെൻററിൽത്തന്നെയായിരുന്നു. മദർ ബോർഡ് മാറ്റിയിട്ട് പോലും ഫലമുണ്ടായിട്ടില്ലാത്തതാണ്. തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. കോടതി നിയോഗിച്ച വിദഗ്ദ കമ്മീഷണർ പരിശോധന നടത്തി തകരാറുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാകുന്നു.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ. റാം മോഹൻ എന്നിവർ ഉൾപ്പെട്ട തൃശൂർ ഉപഭോക്തൃകോടതി ഹർജിക്കാരന് ഫോണിന്റെ വിലയായ 7700 രൂപയും നഷ്ട പരിഹാരമായി 15000 രൂപയും ചിലവിലേക്ക് 5000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.എ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

പുത്തൂർ ഗവണ്മെന്റ് എൽ പി സ്കൂളിൽ കലോത്സവത്തിന് തിരി തെളിഞ്ഞു

പുത്തൂർ: ഗവൺമെന്റ് എൽ പി സ്കൂളിൽ നടന്ന കലോത്സവത്തിന്റെ ഉദ്ഘാടനം പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ നിർവഹിച്ചു.വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സജിത്ത് പി എസ് യോഗത്തിന് അധ്യക്ഷത വഹിച്ചു. സ്കൂൾ ഹെഡ്മിസ്ട്രെസ് റിംസി ജോസ് സ്വാഗതം പറഞ്ഞു.വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയും കോമഡി ഉത്സവം ഫെയിമുമായ സന്ദീപ് പുത്തൂർ മുഖ്യാതിഥിയായിരുന്നു.സന്ദീപ് പുത്തൂരിന് വിദ്യാലയത്തിലെ ഉപഹാരം പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ നൽകുകയുണ്ടായി. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലിബി വർഗീസ്, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ നളിനി വിശ്വംഭരൻ ,പി ടി എ പ്രസിഡണ്ട് ചിന്തു ചന്ദ്രൻ,എം പി ടി എ പ്രസിഡണ്ട് മേഘ സുമേഷ്, എസ് എംസി വൈസ് ചെയർമാൻ മാർവിൻ മൈക്കിൾ,പിടിഎ വൈസ് പ്രസിഡണ്ട് വിജയൻ ടി എ, എം പി ടി എ വൈസ് പ്രസിഡന്റ് അനു സോണി എന്നിവർ ആശംസകൾ അർപ്പിച്ചു.മറ്റ് പി ടി എ, എം പി ടി എ,എസ് എം സി കമ്മിറ്റി അംഗങ്ങളെല്ലാം കലോത്സവത്തിന്റെ സംഘാടനത്തിലും നടത്തിപ്പിലും അധ്യാപകരോടൊത്തു ചേർന്ന് പ്രവർത്തിച്ചു. കലോത്സവം മാമ്പൽ അനുസരിച്ചുള്ള മത്സരയിനങ്ങൾ കുട്ടികൾ അവതരിപ്പിച്ചു.കലോത്സവം കൺവീനർ സൗമ്യ സുഗതൻ നന്ദി പറഞ്ഞു.

അഡ്വ എം കെ പ്രേംനാഥ് ആത്മത്യാഗത്തിന്റെയും വിശുദ്ധിയുടെയും രാഷ്ട്രീയം പഠിപ്പിച്ച നേതാവ്: യൂജിൻ മോറേലി

തൃശൂർ: അടിയന്തിരാവസ്ഥയെ വെല്ലുവിളിച്ച് കൊണ്ട് പോരാട്ടം നടത്തി, അതിക്രൂരമായ മർദ്ദനത്തിന് വിധേയമാവുകയും, തന്റെ ജീവിതം വഴി വിശുദ്ധിയുടെ രാഷ്ട്രീയ നന്മകൾ പകർന്ന സോഷ്യലിസ്റ്റ് നേതാവായിരുന്നു മുൻ.എം എൽ.എ. അഡ്വ.എം.കെ.പ്രേംനാഥെന്ന് ആർ.ജെ.ഡി. ജില്ലാ കമ്മിറ്റി നടത്തിയ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് സംസ്ഥാ. ജനറൽ സെക്രട്ടറി യൂജിൻ മോറേലി പറഞ്ഞു. ജില്ലാ പ്രസിഡൻറ് ജെയ്സൺ മാണി അധ്യക്ഷനായിരുന്നു.

കെ സി വർഗ്ഗീസ്, റോബർട്ട് ഫ്രാൻസിസ്, റഹീം വീട്ടിപറമ്പിൽ, വിൻസന്റ് പുത്തൂർ, ഷോബിൻ തോമസ്, ജിം മോഹൻദാസ്,ജീജ പി.രാഘവൻ, അഡ്വ. ഷാജൻ മഞ്ഞളി, സാബു മാടക്കത്തറ, ബിജു ആട്ടോർ എന്നിവർ സംസാരിച്ചു. പി .ജി. കൃഷ്ണൻകുട്ടി സ്വാഗതവും അഡ്വ. പാപ്പച്ചൻ വാഴപ്പിള്ളി നന്ദിയും രേഖപ്പെടുത്തി.

ആശിർവാദ് മൈക്രോ ഫിനാൻസിന്റെ കോർപ്പറേറ്റ് ഓഫീസ് മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി.പി നന്ദകുമാർ ഓഫീസ് ഉദ്ഘാടനം ചെയ്യുന്നു. ആശിർവാദ് മൈക്രോഫിനാൻസ് എംഡി ബി.എൻ. രവീന്ദ്രബാബു, മണപ്പുറം റിഥി ജ്വല്ലറി എംഡി സുഷമ നന്ദകുമാർ തുടങ്ങിയവർ സമീപം.

ആശിർവാദ് മൈക്രോ ഫിനാൻസിന്റെ കോർപ്പറേറ്റ് ഓഫീസ് പ്രവർത്തനമാരംഭിച്ചു

വലപ്പാട്: മണപ്പുറം ഗ്രൂപ്പിന് കീഴിലുള്ള മൈക്രോഫിനാൻസ് സ്ഥാപനമായ ആശിർവാദ് മൈക്രോഫിനാൻസിന്റെ കോർപ്പറേറ്റ് ഓഫീസ് വലപ്പാട് ചന്തപ്പടിയിൽ പ്രവർത്തനമാരംഭിച്ചു. മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി.പി നന്ദകുമാർ ഓഫീസ് ഉദ്ഘാടനം ചെയ്തു. 35 ലക്ഷത്തോളം സ്ത്രീകൾക്ക് ഉപജീവിതമാർഗം കണ്ടെത്താനും അവരെ ശാക്തീകരിക്കാനും ആശിർവാദ് മൈക്രോഫിനാൻസിന് ഇതിനകം സാധിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിലുടനീളം നിരവധി ബ്രാഞ്ചുകളുമായി പ്രവർത്തിച്ചുവരുന്ന മണപ്പുറം ഫിനാൻസിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്ക് ഒരു നാഴികക്കല്ലായിരിക്കും ആശിർവാദ് മൈക്രോഫിനാൻസിന്റെ പുതിയ ഓഫീസും മുന്നോട്ടുള്ള പ്രവർത്തനങ്ങളുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

മണപ്പുറം ഗ്രൂപ്പിന്റെ ഈ പുതിയ കാൽവെയ്പ്പ് വലപ്പാടിന്റെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനും, കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്നതിനും സഹായകരമാകുമെന്നും വലപ്പാട് പഞ്ചായത്ത് പ്രസിഡന്റ് ഷിനിത ആഷിഖ് പറഞ്ഞു.

ആശിർവാദ് മൈക്രോഫിനാൻസ് എംഡി ബി.എൻ. രവീന്ദ്രബാബു, മണപ്പുറം എക്സിക്യൂട്ടീവ് ഡയറക്ടർ സുമിത നന്ദൻ, മണപ്പുറം റിഥി ജ്വല്ലറി എംഡി സുഷമ നന്ദകുമാർ, വലപ്പാട് സിഐ എം.കെ. രമേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കൊടുങ്ങല്ലൂർ നായർ സമുദായ ശ്രീവിലാസിനി സഭ അധികാരം ഏറ്റു. പ്രസിഡന്റ് കെ ശ്രീരാജ്, സെക്രട്ടറിവി. കെ സുധാകരൻ, ഖജാൻജി മധുസൂദനൻ കെ. എ, ജോയിന്റ് സെക്രട്ടറി ദിലീപ്കുമാർ കെ, കമ്മിറ്റി അംഗങ്ങളായി, ഗോപിനാഥൻ എം, ശിവദാസൻ പി, സേതുമാധവൻ. കെ. എം, രഘുമേനോൻ കെ.. സുമിത നന്ദകുമാർ എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റു

നിര്യാതനായി

വിൻസന്റ് (വിൻസി)

പുതുക്കാട്: തെക്കിനിയത്ത് ചക്കാലക്കൽ ഈനാശു മകൻ വിൻസന്റ് (വിൻസി-57) നിര്യാതനായി. ജേഷ്ടൻ ടോമിയുടെ വസതിയിൽ ഒരു മണിക്ക് മൃതശരീരം കൊണ്ട്വന്ന് സംസ്കാര കർമ്മം ഉച്ചതിരിഞ്ഞ് 3 മണിക്ക് പുതുക്കാട് സെന്റ് ഫൊറേന പള്ളി സെമിത്തേരിയിൽ നടത്തപ്പെടും. സഹോദരങ്ങൾ: ബാബു, ഷെർളി, ഷീല (Late), ഡേവിസ്, ടോമി, ഷാജി, മാർട്ടിൽ, ഷിബു

തീർത്ഥാടനത്തിന് പോയ റിട്ട ഒഎൻജിസി ഉദ്യോഗസ്ഥൻ ബദരീനാഥിൽവച്ച് മരിച്ചു

ഇരിങ്ങാലക്കുട : കുടുംബത്തോടൊപ്പം തീർത്ഥാടനത്തിന് പോയ ഇരിങ്ങാലക്കുട സ്വദേശിയായ റിട്ട ഒഎൻജിസി ഉദ്യോഗസ്ഥൻ ബദരീനാഥിൽ വച്ച് മരിച്ചു. ഇരിങ്ങാലക്കുട പാട്ടമാളി റോഡിൽ ശ്രീലകം വീട്ടിൽ ആറ്റംകുളങ്ങര വാരിയത്ത് രാഘവൻ (64 വയസ്സ്) ആണ് മരിച്ചത്. കഴിഞ്ഞ ദിവസം രാവിലെയാണ് സംഭവം. ശ്വാസതടസ്സം അനുഭവപ്പെട്ടതിനെ തുടർന്ന് ഉടനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭാര്യ ഉമാദേവിയും (റിട്ട അധ്യാപിക) കുടുംബാംഗങ്ങളും ഒന്നിച്ച് കഴിഞ്ഞ മാസം അവസാനമാണ് ഇവർ യാത്ര തിരിച്ചത്. ഹേമ (കാനഡ), മനു (യു കെ) എന്നിവർ മക്കളും ശരത് വർമ്മ (കാനഡ) മരുമകനുമാണ്. സംസ്കാരം പിന്നീട്.

ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട താലൂക്ക് തല അദാലത്ത് 28ന്

ഇരിങ്ങാലക്കുട: 178-ാമത് മുകുന്ദപുരം താലൂക്ക് വികസന സമിതി യോഗത്തിൽ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട താലൂക്ക് തല അദാലത്ത് 28ന് നടത്തുമെന്ന് തഹസിൽദാർ കെ എം സിമീഷ് സാഹു അറിയിച്ചു. താലൂക്ക് വികസന സമിതി യോഗങ്ങളിൽ കെ എസ് ടി പി പ്രതിനിധികൾ സ്ഥിരമായി പങ്കെടുക്കാത്തതിനെതിരെ യോഗത്തിൽ വിമർശനം ഉയർന്നു.

വിഷയം പൊതുമരാമത്ത് വകുപ്പ് മന്ത്രിയെ അറിയിക്